Page 1 of 1

(സി) അന്വേഷണത്തിന്റെ ഭാഗമായി, ജോർജ് ജോസഫ്, ഷിന്റോ ജോസഫ്, സ്റ്റീഫൻ ജോസഫ് എന്നിവരെ 17-5-2014-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ മൂവരും കോൺഗ്രസ് പ്രവർത്തകരാണ്. കൂടാതെ ജേക്കബ് ജോസഫ് (കേരള കോൺഗ്രസ് (എം) വാഴത്തോപ്പ് മണ്ഡലം പ്രസിഡന്റ്), ബിജോ @ ഉണ്ണി (കോൺഗ്രസ് പ്രവർത്തകൻ) എന്നിവർ 21-5-2014-ന് കോടതിയിൽ നിന്നും ജാമ്യം നേടിയിട്ടുള്ളതാണ്.

(ഡി) പ്രസ്തുത സംഭവത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു. ഇടുക്കി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 170/14 u/s 143, 147,148 r/w 149 IPC & Sec. 3(B) (1) (b) of Explosive Act പ്രകാരം (സി) ഖണ്ഡികയിൽ വിവരിക്കുന്ന അഞ്ചുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഗുണ്ടാ ആക്രമണങ്ങളും ക്രമസമാധാനപാലനവും**

**168 (1838)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടകളുടെ ആക്രമണത്തിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഗുണ്ടകളെ നിയന്ത്രിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടകളുടെ ആക്രമണത്തിൽ 11 പേർ മരണപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശക്തമായ പോലീസ് പട്രോളിംഗും, രഹസ്യ അന്വേഷണ നിരീക്ഷണങ്ങളും നടത്തി കുറ്റകാർക്കെതിരെ KAAPA പ്രകാരം നിയമ നടപടി സ്വീകരിച്ചും ഗുണ്ടകളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം**

**169 (1839)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരപരിധിക്കുള്ളിൽ 2014 ജനുവരി മാസത്തിനുശേഷം ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്ന് വ്യക്തമാക്കുമോ ;

(ബി) നഗരത്തിലെ ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly